കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഹിള കിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി.) വനിത ലേബർ ബാങ്ക് പദ്ധതി - എം.കെ.എസ്.പി. ട്രെയിനിംഗിൽ പങ്കെടുക്കുന്ന വ്യക്തികൾക്ക് ഹാജർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥ യാത്രാക്കൂലി ജനറൽ/തനത് ഫണ്ടിൽ നിന്നും വഹിക്കുന്നതിന് ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ).2625/15/തസ്വഭവ** **തിരുവനന്തപുരം, തീയതി, 25/08/15**

==========================================================================

പരാമർശം: 1. 03.01.2014 ലെ കൺസോർഷ്യം തീരുമാനം നമ്പർ 12.

2. 21.03.2014 ലെ എസ്.എൽ.സി.സി. യോഗ തീരുമാനം.

3 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മഹിള കിസാൻ സശാക്തീകരൺ പരിയോജനയുടെ 27.05.2013 ലെ 058/MKSP/കോംപറ്റ്/PMU/13 നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്തെ തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ നെൽകൃഷി പുനരുദ്ധാരണത്തിന് ആവിഷ്കരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് മഹിള കിസാൻ സശാക്തീകരൺ പരിയോജന. 21.03.2014 ലെ SLCC യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എം.കെ.എസ്.പി. വനിതാ ലേബർ ബാങ്ക് പദ്ധതിയുടെ ഭാഗമായി നടക്കുന്ന പരിശീലനത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് യാത്രാ ചെലവ് പ്രസ്തുത ജില്ലകളിലെ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെ തനത് /ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും ചെലവഴിക്കുന്നതിന് അതാത് ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകണമെന്ന് പരാമർശം (3) ലെ കത്ത് പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എം.കെ.എസ്.പി. ആവശ്യപ്പെട്ടിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എം.കെ.എസ്.പി. പദ്ധതിയുടെ ഭാഗമായി വനിത ലേബർ ബാങ്ക് അംഗങ്ങൾക്ക് തൊഴിൽ പരിശീലനത്തിൽ പങ്കെടുക്കുന്നതിനുള്ള യഥാർത്ഥ യാത്രാചെലവ് ടി ജില്ലകളിലെ ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളുടെ ജനറൽ പർപ്പസ്/തനത് ഫണ്ടിൽ നിന്നും, ഹാജർ സർട്ടിഫിക്കറ്റിന്റെ അടസ്ഥാനത്തിൽ വഹിക്കുന്നതിന് അതാത് ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ജെ.സെൽവരാജ്.
ഡെപ്യൂട്ടി സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മഹിള കിസാൻ സശാക്തീകരൺ പരിയോജ നിർവ്വഹണ ഏജൻസി, ഇടിസി ക്വാർട്ടേഴ്സ്, ഒല്ലൂക്കര, തൃശ്ശൂർ - 680 655.
4. ജില്ലാ പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, മലപ്പുറം, പാലക്കാട്, തൃശ്ശൂർ.
5. പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ. (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എം.കെ.എസ്.പി. മുഖേന)
6. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എം.കെ.എസ്.പി. മുഖേന)
7. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എം.കെ.എസ്.പി. മുഖേന)
8. ഡയറക്ടർ, ഗ്രീൻ ആർമി ലേബർ ബാങ്ക്, അത്താണി, തൃശ്ശൂർ.
9. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ